# കേരള സർവകലാശാല

നം.പി.ആർ.211/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പെൻഷൻകാർക്ക് സമ്മതപത്രം നൽകാം

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ താല്പര്യമുള്ള സർവകലാശാല പെൻഷൻകാർക്ക് തുക പരമാവധി പത്ത് ഗഡുക്കളായി പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കി ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറുന്നതിനുള്ള സമ്മതപത്രം പെൻഷൻ സെക്ഷനിൽ നൽകാവുന്നതാണ്.

### പരീക്ഷാകേന്ദ്രം

2018 സെപ്റ്റംബർ 28 ന് നടക്കുന്ന ബി.കോം ആന്വൽ സ്കീം പാർട്ട് – II (അഡീഷണൽ – ലാംഗ്വേജ്) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ.ആർട്സ് കോളേജ് സെന്ററായി അപേക്ഷിച്ചവർ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

2018 സെപ്റ്റംബർ 28 ന് ഗവ.ആർട്സ് കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി (വിദൂര വിദ്യാഭ്യാസ വിഭാഗം) പരീക്ഷ പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

### സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഗണിതശാസ്ത്രവിഭാഗത്തിൽ ബിരുദാനന്തരബിരുദ കോഴ്സിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കായി സംവരണം ചെയ്ത സീറ്റിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് താല്പര്യം ഉള്ള അർഹരായ വിദ്യാർത്ഥികൾ അസ്സൽ രേഖകളും 1250/- രൂപ ഫീസും സഹിതം സെപ്റ്റംബർ 28 ന് രാവിലെ 10.30 ന് കാര്യവട്ടം ക്യാമ്പസിലെ ഗണിത ശാസ്ത്ര വിഭാഗത്തിൽ ഹാജരാകേണ്ടതാണ്. ഫോൺ: 0471 2308303

സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലുള്ള മലയാള വിഭാഗത്തിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ (2018 അഡ്മിഷൻ) പട്ടിക ജാതി വിഭാഗത്തിൽ രണ്ടും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യതയുള്ളവർ ഒക്ടോബർ 3 ന് രാവിലെ 10 മണിക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി മലയാള വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

2018 ജനുവരിയിൽ നടന്ന കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 17. അപേക്ഷകൾ ഓൺലൈനായി മാത്രം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഒഴിവുള്ള മൂന്നു സീറ്റുകളിലേക്കും, സ്പോൺസേർഡ് വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലേക്കും, മറ്റു സംവരണവിഭാഗങ്ങളിലേക്കും മാറ്റപ്പെടുന്ന അഞ്ചു സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 28 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള സർവകലാശാലയുടെ ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2308167 എന്ന നമ്പറുമായി ബന്ധപ്പെടുക.

## ഇൻഡക്ഷൻ പ്രോഗ്രാം

സർവകലാശാല ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി (2018 അഡ്മിഷൻ) ഇൻഡക്ഷൻ പ്രോഗ്രാം സെപ്റ്റംബർ 26 ന് രാവിലെ 10 മണിക്ക് സെനറ്റ് ഹാൾ, പാളയം കാമ്പസിൽ വച്ച് നടത്തുന്നതാണ്.

തിരുവനന്തപുരം.
25.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ